**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **20-01-2021 - ൽ മറുപടിയ്ക്ക്**

**വർഗ്ഗീയ വിഭജനശ്രമങ്ങളെ ചെറുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ . വി . വിജയദാസ്,<br>ശ്രീ. രാജു എബ്രഹാം,<br>ശ്രീ.ഡി.കെ.മുരളി,<br>ശ്രീ. വി. അബ്ദുറഹിമാൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നിലപാട് അറിയിക്കാമോ; | (എ) | പൗരത്വ ഭേദഗതി നിയമം 2019 ഭരണഘടനയുടെ അന്ത:സത്തയ്ക്ക് നിരക്കുന്ന ഒന്നല്ല എന്നതാണ് സർക്കാരിന്റെ നിലപാട്. |
| (ബി) | തങ്ങൾക്ക് ഹിതകരമല്ലാത്ത നിലപാട് സ്വീകരിക്കുന്ന സംസ്ഥാന സർക്കാരുകളെ അസ്ഥിരപ്പെടുത്താൻ കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്ന കേന്ദ്ര സർക്കാരിന്റെ അധാർമികതയെ തുറന്നുകാട്ടാൻ സംസ്ഥാന സർക്കാരിനായിട്ടുണ്ടോ; | (ബി) | കേന്ദ്ര ഏജൻസികളുടെ അന്വേഷണം വഴിമാറുന്ന കാര്യം സർക്കാർ ബഹു.പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഗവേഷണ സ്ഥാപനത്തിന് മഹാത്മാഗാന്ധി വധക്കേസിലെ പ്രതിയായ വർഗീയവാദിയുടെ പേരിട്ട് സംസ്ഥാനത്തെ ജനങ്ങളെ അവഹേളിക്കാൻ നടത്തുന്ന ശ്രമത്തിൽ നിന്ന് പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന രാജീവ് ഗാന്ധി സെന്റർഫോർ ബയോടെക്നോളജി എന്ന ഗവേഷണ സ്ഥാപനത്തിന്റെ രണ്ടാമത്തെ കാമ്പസിന് എം.എസ്.ഗോൾവാൾക്കറുടെ പേര് നൽകുന്നത് പുന:പരിശോധിക്കണമെന്നും രാഷ്ട്രീയ വേർതിരിവുകൾക്ക് അതീതമായ ഈ ഗവേഷണ സ്ഥാപനത്തിന് അന്താരാഷ്ട്രതലത്തിൽ വിഖ്യാതി നേടിയ ഏതെങ്കിലും ഭാരതീയ ശാസ്ത്രജ്ഞന്റെ പേര് നൽകണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പാലക്കാട് നഗരസഭാ ഓഫീസിൽ ദേശീയ പതാകയ്ക്കും നഗരസഭയുടെ പതാകയ്ക്കും പകരം മത ചിഹ്നം വിളംബരം ചെയ്തവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്നുറപ്പുവരുത്തുമോ? | (ഡി) | "ജയ് ശ്രീറാം" എന്ന് എഴുതിയ ഫ്ലക്സ് ബോർഡ് നഗരസഭാ കെട്ടിടത്തിൽ പ്രദർശിപ്പിച്ച സംഭവത്തിൽ നഗരസഭാ സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ IPC 153 വകുപ്പ് പ്രകാരം പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1574/2020 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിൽ പ്രതിചേർത്തിട്ടുള്ള 10 പേരെയും അറസ്റ്റ് ചെയ്തിട്ടുള്ളതും കേസിന്റെ അന്വേഷണം തുടർന്ന് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ